# ദനഹാക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

### യോഹ 1,1-28

**"സ്നാനം നൽകുന്നവൻ മാത്രമല്ല,**
**സാക്ഷ്യം നൽകുന്നവൻ കൂടിയാണ് സ്നാപകയോഹന്നാൻ"**

കഴിഞ്ഞ ദിവസം വായിച്ച് കേട്ടതിൽ വച്ച് ഏറ്റവും രസകരമായ സംഭവങ്ങളിലൊന്ന്; തൃശൂർ സ്റ്റാൻഡിൽ കോഴിക്കോട്ടേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ് കാത്ത് ഇരിക്കുമ്പോൾ മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു പയ്യൻ കയറിവന്നു. അവൻ വിളിച്ച് പറയുകയാണ്

"ചൂടുള്ള വാർത്ത്... ചൂടുള്ള വാർത്ത്...ജലാറ്റിൻ കമ്പിനി ആക്രമണത്തിന് പിന്നിൽ മാവോയിസ്റ്റുകൾ......"

ആരും പത്രം വാങ്ങുന്നില്ല.

"ബാർ കോഴ കൂടുതൽ തെളിവുകൾ പുറത്ത്......"

അപ്പോഴും ഒരനക്കവും ഇല്ല.....

"ദിലീപ് - കാവ്യ മാധവൻ വിവാഹം ജനുവരി 14ന്..."

പറഞ്ഞ് നാവ് വായിലേയ്ക്കിട്ടില്ല, പത്രങ്ങളെല്ലാം നിമിഷനേരം കൊണ്ട് വിറ്റ്പോയ്... പണവും കീശയിലിട്ട് പയ്യൻ കൂളായി ഇറങ്ങിപോയി. പത്രം വാങ്ങിച്ചവർ ഒന്നാം പേജ് മുതൽ അവസാനപേജ് വരെ തകൃതിയായ് മറിച്ച് നോക്കുകയാണ്. ഇങ്ങനെയൊരു വാർത്ത പത്രത്തിലുണ്ടോ എന്നറിയൻ. പത്രം സ്വന്തമായ് കരസ്ഥമാക്കാൻ സാധിക്കാത്തവർ എത്തിവലിഞ്ഞ് നോക്കുന്നുണ്ട്. പണം പോയതും പത്രം വാങ്ങിച്ചതും അത്രയും സമയം കളഞ്ഞതും മിച്ചം. "ദിലീപ് - കാവ്യ മാധവൻ വിവാഹം ജനുവരി 14ന്..." എന്ന വാർത്ത പോയിട്ട് ദിലീപിനെ കുറിച്ചോ കാവ്യ മാധവനെ കുറിച്ചോ ഒരു വാർത്ത പോലും പത്രത്തിലില്ല. എല്ലാവരും ജാളിതയോട് കൂടി പരസ്പരം നോക്കി. പക്ഷെ, ആരും ഒന്നും മിണ്ടിയില്ല!

"അന്യന്റെ സ്വകാര്യതയിൽ എത്തിനോക്കുന്നതാണ് മലയാളികളുടെ ഏറ്റവും വലിയ 'വീക്ക്നസ്' എന്ന് മുഷിഞ്ഞ വസ്ത്രം ധരിച്ച പയ്യൻ മനസിലാക്കിയിരിക്കുന്നു."

വചനം പറയുന്നു, "നീ ആരാണ് എന്ന് ചോദിക്കാൻ യഹൂദർ ജറുസലെമിൽ നിന്നു പുരോഹിതൻമാരെയും ലേവ്യരെയും അയച്ചു എന്ന്" (യോഹ 1,19). 'നമ്മൾ ആരാണ് എന്താണ് എങ്ങനെയാകും' എന്ന് ചിന്തിക്കുന്നതിനേക്കാൾ നമുക്കിഷ്ടം മ'റ്റുള്ളവർ ആരാണ് എന്താണ് എങ്ങനെയാണ്' എന്നൊക്കെ ചിന്തിക്കുന്നതാണ്. അതുകൊണ്ട് തന്നെയാണ് പലപ്പോഴും കണ്ണടച്ച് ഇരുട്ടാക്കി നമ്മിലുള്ള തിൻമകൾ മറ്റുള്ളവരിൽ ആരോപിക്കുന്നതും. ഇത് ഇന്നും ഇന്നലെയും ആരംഭിച്ചതല്ല. മറിച്ച്, ചരിത്രത്തിന്റെ പഴക്കമുണ്ട്. ആബേലിന്റെയും കായേലിന്റെയും ബലി നാം മറന്നിട്ടില്ല! ആബേലിന്റെ ബലി കർത്താവ് സ്വീകരിച്ചു. കായേലിന്റേത് കർത്താവ് തള്ളികളഞ്ഞു. കായേലിന്റെ ബലി കർത്താവ് തള്ളികളഞ്ഞു എന്നതല്ല കായേലിന്റെ പ്രശ്നം. മറിച്ച്, ആബേലിന്റെ ബലി കർത്താവ് സ്വീകരിച്ചു എന്നതാണ്. ദൈവം ചെയ്തത് ശരിയല്ല. കായേൻ തക്കം പാർത്തിരുന്നു. അവസരം കിട്ടിയപ്പോൾ ആബേലിനെ വകവരുത്തി തന്റെ പ്രതികാരത്തിന്റെ വിയർപ്പ് അവൻ തുടച്ചു കളഞ്ഞു. തന്റെ കുറവുകളെ പരിഹരിക്കാനല്ല കായേൻ നോക്കിയത്. മറിച്ച്, തന്നെക്കാൾ വിശുദ്ധവും കർത്താവിന് പ്രീതികരവുമായ

"നിങ്ങളറിയത്ത
ഒരുവൻ നിങ്ങളുടെ
മദ്ധ്യേ നിൽപുണ്ട്" (1,26).
നമ്മളറിയാതെ ഈശോ
നമ്മുടെ ഇടയിൽ
വസിക്കരുത്.
ഇടയിൽ വസിക്കുന്ന
ഈശോയെ
തിരിച്ചറിയാനും
പങ്കുവയ്ക്കാനും
സാധിക്കണം.
മദർ തെരേസയുടെ
അടുത്ത് കുഞ്ഞ്
ചോദിക്കുന്നു,
"നിങ്ങളാണോ ദൈവം!"

വിധത്തിൽ ബലിയർപ്പിച്ച സഹോദരനെ ഇല്ലായ്മ ചെയ്യാനാണ്. ഇത് തന്നെയാണ് യഹൂദരും ചെയ്യുന്നത്. അതുകൊണ്ടാകാം, സ്നാപകയോഹന്നാന്റെ അടുത്തെത്തിയ പുരോഹിതരും ലേവ്യരും ചോദിച്ച ചോദ്യത്തിനല്ല സ്നാപകയോഹന്നാൻ ഉത്തരം പറഞ്ഞത്.

ചോദിച്ച ചോദ്യം, "നീ ആരാണ്?"
ലഭിച്ച ഉത്തരം, "ഞാൻ ക്രിസ്തുവല്ല."
ചക്കയെക്കുറിച്ച് ചോദിക്കുമ്പോൾ മാങ്ങയെ കുറിച്ച് പറയുന്നത് പോലെ.
"നീ ആരാണ്?" എന്ന് ചോദിക്കുമ്പോൾ "ഞാൻ ആരല്ല" എന്നാണ് സ്നാപകയോഹന്നാൻ പറയുന്നത്.

വീണ് കിട്ടുന്ന അവസരങ്ങൾ മുതലാക്കിയാണ് പലരും അർഹിക്കാത്തതും അർഹിക്കുന്നതും നേടിയെടുക്കുന്നത്. മലയാളത്തിൽ 'പോസറ്റീവ് ചിന്ത'കളുടെ കൂട്ടത്തിൽ നാം പറഞ്ഞുവയ്ക്കുന്ന ഒരു വാചകമുണ്ട്. "ഇടിച്ച് ഇടിച്ച് നിന്നാൽ പിടിച്ച് പിടിച്ച് കയറാം." ഇത് തെറ്റാണെന്ന് തെളിയിക്കുകയാണ് സ്നാപകയോഹന്നാൻ. കർത്താവിന്റെ വരവും കാത്തിരുന്ന യഹൂദജനം. അവരുടെ ഇടയിലാണ് കർത്താവിന്റെ മുമ്പേ നടക്കാൻ അയക്കപ്പെട്ട് എലിയായുടെ ശക്തിയോട് കൂടി വരുന്ന സ്നാപകയോഹന്നാൻ പ്രത്യക്ഷപ്പെട്ടത്. നോട്ടത്തിലും ഭാവത്തിലും ശക്തിയിലും പ്രവാചകശബ്ദത്തിലും ജീവിതചര്യകളിലും ശരിക്കും ക്രിസ്തുവിനെ പോലെ ഇരിക്കുന്നവൻ. ഇവൻ തന്നെയാണ് ക്രിസ്തു എന്നുള്ള വിചാരത്തോടും അവനിൽ നിന്നുതന്നെ ഇത് കേൾക്കുന്നതിനും വേണ്ടിയാണ് യഹൂദർ പുരോഹിതൻമാരെയും ലേവ്യരെയും അയക്കുന്നത്. പക്ഷെ, 'നീ ആരാണ്?' എന്നുള്ള ചോദ്യത്തിന് ഞാൻ ആരാണ് എന്ന് പറയുന്നതിന് പകരം 'ഞാൻ ആരല്ല' എന്ന് പറയുകയാണ് സ്നാപകയോഹന്നാൻ. കാരണം, സ്നാപകയോഹന്നാനറിയാമായിരുന്നു, "കർത്താവ് ഉയർത്തുന്നുണ്ടെങ്കിൽ മാത്രമാണ് ഒരുവൻ ഉയർത്തപ്പെടു" എന്ന്.

സ്നാപകൻ ദൈവത്തിന്റെ
സ്വരമായിരുന്നു...
നമ്മുടെയും
ജീവിതനിയോഗം
ഇത് തന്നെയാണ്.
അത് കർമ്മം കൊണ്ടും
ജീവിതം കൊണ്ടും
തെളിയിക്കണം...
"ദൈവത്തിന് സംസരിക്കാൻ
നിന്റേതല്ലാതെ നാവുകളില്ല.
നന്മകൾ ചെയ്യാൻ
നിന്റേതല്ലാതെ കരങ്ങളുമില്ല!"

അതുകൊണ്ട് തന്നെ കർത്താവ് സ്നാപകയോഹന്നാനെ കുറിച്ച് 'സർട്ടിഫൈ' ചെയുന്നില്ലേ, 'സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഇവനേക്കാൾ വലിയവൻ ഇല്ല' എന്ന്. അപ്പോൾ, കർത്താവ് നമ്മളെയും നമ്മുടെ കുടുംബങ്ങളെയും ഉയർത്താൻ നാം ചെയ്യേണ്ടത് ഇത്രമാത്രം;

1. കർത്താവിന് നിഴലായ് നിൽക്കുക
2. പ്രവാചകശബ്ദത്തോടെ ജീവിക്കുകയും വചനത്തിന് സാക്ഷ്യം നൽകുകയും ചെയ്യുക
3. അവൻ വളരുകയും ഞാൻ കുറയുകയും വേണം എന്ന ബോദ്ധ്യത്തോടെ സഹോദരന് മുമ്പിൽ നിലയുറപ്പിക്കുക

യോഹന്നാൻ മിശിഹായ്ക്ക് സാക്ഷിയായിരുന്നു. വി.ലൂക്കായുടെ സുവിശേഷത്തിൽ സ്നാപകയോഹന്നാൻ തന്റെ പ്രഭാഷണം ആരംഭിക്കുമ്പോൾ ഏശയ്യ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് നാൽപതാം അദ്ധ്യായത്തിലെ മൂന്ന് മുതൽ അഞ്ച് വരെയുള്ള വാക്യങ്ങൾ ഉദ്ധരിക്കുന്നുണ്ട്, "കർത്താവിന് വഴിയൊരുക്കുവിൻ, അവന്റെ പാത നേരെയാക്കുവിൻ. താഴ്‌വരകൾ നികത്തപ്പെടും കുന്നും മലയും നിരത്തപ്പെടും, വളഞ്ഞ വഴികൾ നേരെയാക്കപ്പെടും. പരുപരുത്തവ മൃദുവാക്കപ്പെടും. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും" (ലൂക്കാ 3,4 - 6). പ്രവാചകശബ്ദത്തിലൂടെയും ജീവിതചര്യകളിലൂടെയും സ്നാപകയോഹന്നാൻ തന്റെ 'സാക്ഷ്യം' നൽകുന്ന ദൗത്യം നിറവേറ്റി. സ്നാപകയോഹന്നാൻ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ വന്നവനാണെങ്കിൽ ക്രിസ്തു പിതാവായ ദൈവത്തിന് സാക്ഷ്യം നൽകാൻ വന്നവനായിരുന്നു. എങ്കിൽ, നമ്മുടെ ഓരോരുത്തരുടെയും ജീവിത നിയോഗമെന്ന് പറയുന്നത് 'സാക്ഷ്യം നൽകാനുള്ള വിളി' തന്നെയാ

ണ്. പലപ്പോഴും, നമുക്കിഷ്ടം സ്വയം സാക്ഷ്യം നൽകാനാണ്. 'എനിക്ക് അതുണ്ട്... ആ കഴിവുണ്ട്... ഇത്ര സമ്പാദ്യമുണ്ട്... ഇന്ന വണ്ടിയുണ്ട്...' എന്നൊക്കെ പറഞ്ഞ് മറ്റുള്ളവരുടെ മുമ്പിൽ ആളാകാനുള്ള പരിശ്രമം നമ്മളിൽ ഒട്ടും കുറവല്ല. എങ്കിൽ, സ്നാപകയോഹന്നാൻ നമ്മുടെ മുമ്പിൽ വയ്ക്കുന്ന വലിയ വെല്ലുവിളി മറ്റൊന്നുമല്ല, "കർത്താവ് കൽപ്പിച്ചതെല്ലാം ചെയ്തീട്ട്, അവൻ വളരുകയും ഞാൻ കുറയുകയും വേണം എന്ന് പറഞ്ഞ് അവന്റെ നിഴലായ് മാറി നിൽക്കാൻ സാധിക്കുമോ എന്നുള്ളതാണ്."

"നീ ആരാണ്?" എന്നുള്ള പുരോഹിതരുടെയും ലേവ്യരുടെയും ചോദത്തിന് സ്നാപകൻ നൽകുന്ന ഉത്തരം, "നിങ്ങളറിയാത്തവൻ നിങ്ങളുടെ മദ്ധ്യേ നിൽക്കുന്നുണ്ട്" (യോഹ 1,26) എന്നുള്ളതാണ്. തുടർന്ന് പറയുന്നതിലൂടെ ഒരു കാര്യം വ്യക്തമാണ്, നിങ്ങളറിയാത്തവൻ നിങ്ങളുടെ മദ്ധ്യേ നിൽക്കുന്നുണ്ട്, അത് ക്രിസ്തുവാണെന്ന്. എങ്കിൽ, "നിങ്ങളറിയാത്തവൻ നിങ്ങളുടെ മദ്ധ്യേ നിൽക്കുന്നുണ്ട്" (യോഹ 1,26) എന്ന വചനം നമ്മെ ഓർമ്മപ്പെടുത്തുന്ന രണ്ട് കാര്യങ്ങളുണ്ട്;

1. നിന്റെ ഉള്ളിലെ ദൈവത്തെ കണ്ടെത്താൻ നിനക്ക് സാധിക്കുന്നുണ്ടോ?
2. നിന്റെ ഉള്ളിലെ ദൈവത്തെ കണ്ടെത്തുന്നതുപ്പോലെ നിന്റെ സഹോദരന്റെ ഉള്ളലെ ദൈവത്തെയും കണ്ടെത്താൻ നിനക്ക് സാധിക്കുന്നുണ്ടോ?

കറുത്തവരും വെളുത്തവരും എന്നുള്ള വർണ്ണവിവേചനം പോലെ തന്നെ ക്രൂരമായിരുന്നു കേരളത്തിലെ സവർണ്ണരും അവർണ്ണരും തമ്മിലുള്ള വേർത്തിരിവ്. സവർണ്ണരുടെ അമ്പലത്തിൽ കയറാനേ പ്രാർത്ഥക്കാനോ അവർണ്ണർക്കാർക്കും അവകാശവും അവസരവും ഇല്ലായിരുന്നു. ഇതിനെ തച്ചുടച്ചത് ശ്രീ നാരായണ ഗുരുവാണ്. ഇതിനെ തച്ചുടച്ച് എല്ലാവർക്കും പ്രവേശവനമുള്ള ഒരു പുതിയ അമ്പലം ശ്രീ നാരായണ ഗുരു പണിതപ്പോൾ അതിൽ പ്രതിഷ്ഠിച്ചത് ഒരു ദേവന്റെയും വിഗ്രഹമായിരുന്നില്ല എന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. മറിച്ച്, ഒരു കണ്ണാടിയായിരുന്നു. കാരണം, നിന്റെ ഉളളിലെ ദൈവത്തെ കാണാതെ നിനക്ക് നിന്റെ സഹോദരന്റെ ഉള്ളലെ ദൈവത്തെ കാണാൻ സാധിക്കില്ല എന്നുള്ള ഉറച്ച ചിന്തയായിരുന്നു. എങ്കിൽ, "നിങ്ങളറിയാത്തവൻ നിങ്ങളുടെ മദ്ധ്യേ നിൽക്കുന്നുണ്ട്" (യോഹ 1,26) എന്ന വചനം നമ്മെ ഓർമ്മപ്പെടുത്തുന്നത് നീ നിന്റെ ഉള്ളിലെ ദൈവത്തെ കാണമമെന്നും അതുപ്പോലെ തന്നെ നിന്റെ സഹോദരന്റെ ഉള്ളിലെ ദൈവത്തെ കാണണമെന്നുമാണ്.

ഏലീയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ കർത്താവിന് മുമ്പേ വന്നവൻ കർത്താവിന്റെ സാന്നിദ്ധ്യത്തിൽ അവന്റെ നിഴലായ് മാറ്റപ്പെടുന്നു. അവൻ വിളിച്ച് പറയുന്നു, "എന്റെ പിന്നാലെ വരുന്ന അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ പോലും ഞാൻ യോഗ്യനല്ല" (യോഹ 1,27). ചെരുപ്പിന്റെ വാറഴിക്കുക എന്നത് അടിമയുടെ മാത്രം ജോലിയാണ്. യഹൂദ റബ്ബിമാർ പഠിപ്പിച്ചിരുന്നത്, "ചെരുപ്പിന്റെ വാറഴിക്കുന്നതൊഴിച്ച്, ഒരടിമ തന്റെ യജമാനന് വേണ്ടി ചെയ്യുന്നതെല്ലാം ഗുരുവിന് വേണ്ടി ശിഷ്യൻ ചെയ്യണം എന്നതായിരുന്നു." ചെരുപ്പിന്റെ വാറഴിക്കുന്നത് ഏറ്റവും വ്യത്തിഹീനമായ പ്രവർത്തിയായിട്ടാണ് യഹൂദൻമാർ കണ്ടിരുന്നത്. അതുകൊണ്ടാണ്, ശിഷ്യൻമാരെപ്പോലും അതിൽ നിന്ന് ഒഴിവാക്കിയിരുന്നത്. എന്നാൽ, യോഹന്നാൻ ഇവിടെ ഏറ്റ്പറയുന്നതോ, "കർത്താവിന് വേണ്ടി ഏറ്റവും മോശമായ ജോലികൾ ചെയ്യാൻ പോലുമുള്ള യോഗ്യത തന്നിലില്ല" എന്നുള്ളതാണ്. തന്റെ അയോഗ്യതകൾ ഏറ്റ് പറഞ്ഞ് അവൻ പ്രസംഗിച്ചപ്പോൾ ആയിരങ്ങളും പതിനായിരങ്ങളും അവന്റെ ചുറ്റും ഓടികൂടി. അവന്റെ പ്രസംഗം കേൾക്കാൻ. നമ്മുടെ വാക്കുകൾ കേൾക്കാൻ, ജീവിതം കേൾക്കാൻ ആളുകൾ ഓടികൂടുന്നില്ലെങ്കിൽ, കണ്ടുമുട്ടുന്ന വ്യക്തികൾക്ക് നാം അശ്രീകരം ആയി മാറ്റപ്പെടുന്നുണ്ടെങ്കിൽ കാരണം ഇത് തന്നെയാണ്, "പ്രവൃത്തിയില്ലാത്ത പ്രസംഗം!"

.............................................................................................................

ഫാ. ജോബി മെനേത്ത് : +91 944 7777 931

മരുഭൂമിയിൽ
വിളിച്ചുപറയുന്നവന്റെ
ശബ്ദമാണ്
സ്നാപകയോഹന്നാൻ...
40 വർഷത്തെ മ
രുഭൂമി അലച്ചിലിൽ
നമ്മുടെ പൂർവ്വികൻമാർ
ശ്രവിച്ചതും
അവരെ നയിച്ചതും
ഈ സ്വരം തന്നെയാണ്.
ഇന്ന് നാം ശ്രവിക്കേണ്ടതും
നമ്മളെ വഴി
നടത്തേണ്ടതും
ഈ സ്വരം തന്നെയാണ്.